(1)	(2)	(3)	(4)
8.	ഒറ്റമശ്ശേരിയിൽ ബി.എൽ.എസ്. 172-176 കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	775
9.	അർത്തുങ്കൽ കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	1315
10	ഒറ്റമശ്ശേരിയിൽ ബി.എൽ.എസ്. 178-180 കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	500
11.	ചെല്ലാനം ദ്വീപിൽ കടൽഭിത്തി നിർമ്മാണം	എറണാകുളം	1015
12.	വൈപ്പിൻ ദ്വീപിൽ കടൽഭിത്തി നവീകരണം	എറണാകുളം	481
13.	അജാനൂർ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം	കാസർഗോഡ്	300
	ആകെ		9674 മീറ്റർ

അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് നടപടി

63 (3272) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജക മണ്ഡലത്തിലെ തുമ്പമൺ മുതൽ വഴുവാടി താഴെ വരെ അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് ഇതുവരെ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പുതിയ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) തുമ്പമൺ മുതൽ വഴുവാടി താഴെവരെ അച്ചൻകോവിലാറിന്റെ തീരത്ത് അടിയന്തരമായി സംരക്ഷണ ഭിത്തി കെട്ടുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി-ഡി) നൂറനാട് പഞ്ചായത്തിൽ മുറിഞ്ഞപുഴ ലിഫ്റ്റ് ഇറിഗേഷന് സമീപം അച്ചൻകോവിലാറിന്റെ ഇടതുകരയുടെ സംരക്ഷണം, തഴക്കര പഞ്ചായത്തിൽ 4-ാം വാർഡിൽ കുന്നം റെയിൽപാലത്തിന് താഴ്വശത്ത് മുതുവേലിൽക്കാവിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, തഴക്കര പഞ്ചായത്തിൽ 2-ാം വാർഡിൽ ഉറുമ്പൻകാവ് ക്ഷേത്രത്തിന് സമീപം അച്ചൻകോവിലാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഇടതുകര സംരക്ഷണം, പന്തളം പഞ്ചായത്തിൽ പുന്നശ്ശേരിക്കാവിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, പന്തളം പഞ്ചായത്തിൽ ഒന്നാം വാർഡിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, തുമ്പമൺ അമ്പലക്കാവ് പാലത്തിന് താഴെ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം എന്നീ ആറ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

തിരുവനന്തപുരം–കൊല്ലം ജലപാത ഗതാഗതയോഗ്യമാക്കാൻ നടപടി സംബന്ധിച്ച്

64 (3273) ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കൊല്ലം ജലപാത ഇപ്പോൾ ഗതാഗത യോഗ്യമാണോ ;

(ബി) അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജലപാത ഗതാഗത യോഗ്യമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) കനാലിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യാൻ സാധിക്കാത്തതുമൂലം സഞ്ചാരയോഗ്യമല്ല.

(സി) ഇപ്പോൾ ഒന്നും നിലവിലില്ല.

വെള്ളായണി കായലിന്റെ വിസ്തൃതി

65 (3274) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കായലിന്റെ യഥാർത്ഥ വിസ്തൃതി എത്രയായിരുന്നു എന്നും ഇപ്പോഴുള്ള വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ കായലിന്റെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കായലിനെ ശുദ്ധജല തടാകമായി സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വെള്ളായണിക്കായലിന്റെ ഉടമസ്ഥാവകാശം കാർഷിക കോളേജിനാണ്. ഇതിന്റെ വിസ്തൃതിയെക്കുറിച്ചുള്ള വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly